"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുംബശ്രീ- ജീവനക്കാര്യം - ശ്രീമതി. രഞ്ജിനി എസ് (അസിസ്റ്റന്റ് ഡയറക്ടർ/അസി.ജില്ലാ പ്ലാനിംഗ് ഓഫീസർ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം)-യുടെ കുടുംബശ്രീ എറണാകുളം ജില്ലാമിഷനിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1175/2022/LSGD തീയതി,തിരുവനന്തപുരം, 09-05-2022

---

പരാമർശം:-

1. 10.05.2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം.580/2013/ധന
3. 20.10.2020 തീയതിയിലെ സ.ഉ.(സാധാ) നം.1970/2020/തസ്വഭവ
4. 22.11.2021തീയതിയിലെ സ.ഉ.(സാധാ) നം.2356/2021/തസ്വഭവ
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18.04.2022 ലെ 8034/ഇ1/2020/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം, സംസ്ഥാന ആസൂത്രണ ബോർഡിലെ അസിസ്റ്റന്റ് ഡയറക്ടർ/അസി.ജില്ലാ പ്ലാനിംഗ് ഓഫീസർ ആയ ശ്രീമതി.രഞ്ജിനി എസ്.-നെ പരാമർശം (3)ലെ ഉത്തരവ് പ്രകാരം കുടുംബശ്രീ എറണാകുളം ജില്ലാമിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. തുടർന്ന് ദീർഘിപ്പിച്ചു നൽകിയ ടിയാളുടെ അന്യത്രസേവന കാലാവധി 22.04.2022ൽ അവസാനിച്ചതായും 23.04.2022 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം (5) ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.രഞ്ജിനി എസ്.-ന്റെ കുടുംബശ്രീ എറണാകുളം ജില്ലാമിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 23.04.2022 മുതൽ ഉത്തരവ് തീയതി വരെ മാത്രം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി എസ് പ്രവീൺ കുമാർ
അണ്ടർ സെക്രട്ടറി

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ശ്രീമതി.രഞ്ജിനി എസ്., അസിസ്റ്റന്റ് ഡയറക്ടർ/അസി.ജില്ലാ പ്ലാനിംഗ് ഓഫീസർ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം(മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം. മുഖേന)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഐ.എ1/178/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Suja S K**
**Date: 09-05-2022 12:26:51**
സെക്ഷൻ ഓഫീസർ